# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/17861/2015

ചാക്ക, തിരുവനന്തപുരം 7
തീയതി: 18/11/2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2016-ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2014 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയതും 2016 ഫെബ്രുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ ഓൺ ലൈനായി രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്

സൂചന:- (1) 05/11/2015 തീയതിയിലെ ജി1/17861/2015 നമ്പർ വിജ്ഞാപനം

ഫെബ്രുവരി 2016 ൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി) അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകളിൽ പങ്കെടുക്കുന്നതിന് എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2014 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികളിൽ നിന്ന് സൂചന പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2014 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികളുടെ ലിസ്റ്റ് www.det.kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകൾ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ ഓൺ ലൈനിൽ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- www.det.kerala.org എന്ന വെബ്സൈറ്റിൽ ഓരോ സ്ഥാപനത്തിനും നൽകിയിട്ടുള്ള User ID യും Pass Word ഉം ഉപയോഗിച്ച് Enter ചെയ്യുക.
- ടി സമയം സ്ഥാപനത്തിൻെറ പേര് രേഖപ്പെടുത്തിയിട്ടുള്ള പേജ് ദൃശ്യമാകുന്നതാണ്. ടി പേജിൽ ഇടത് വശത്തായി NCVT എന്ന ബട്ടൺ ദൃശ്യമാകുന്നതാണ്.
- ടി ബട്ടൺ Click ചെയ്യുക. ടി സമയം MIS 2nd Semester, MIS Ist Semester എന്നീ ബട്ടണുകൾ ഇടത് വശത്തായി ദൃശ്യമാകുന്നതാണ്.
- ടി ബട്ടണുകൾ Click ചെയ്യുമ്പോൾ ടി സ്ഥാപനത്തിൽ ഓരോ ട്രേഡിലും 2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയതും MIS PORTAL ലിൽ രേഖപ്പെടുത്തിയതുമായ ട്രെയിനികളുടെ ലിസ്റ്റ് ദൃശ്യമാകുന്നതാണ്.
- ടി ലിസ്റ്റിൽ അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരം താഴെ പറയുന്ന നിർദ്ദേശ പ്രകാരമാണ് രജിസ്റ്റർ ചെയ്യേണ്ടത്.

  - ടി ലിസ്റ്റിൽ ഉൾപ്പെട്ട ട്രെയിനി ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ടി ട്രെയിനിയുടെ പേരിന് ഇടത് വശത്തായി കാണുന്ന Box ൽ Click ചെയ്യുക.
  - ടി സമയം "√" അടയാളം Box നുള്ളിൽ ദൃശ്യമാകുന്നതാണ്.
  - അതിന് ശേഷം ടി ട്രെയിനി ഏത് വിഷയം എഴുതുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടിള്ളത് എന്ന വിവരം രേഖപ്പെടുത്തേണ്ടതാണ്. ഇതിന് വേണ്ടി ടി പേജിൽ പേപ്പർ 1 (ട്രേഡ് തിയറി, എം പ്ലോയബിലിറ്റി സ്കിൽ), പേപ്പർ 2 (വർക്ക് ഷോപ്പ് കാർക്കുലേഷൻ ആൻറ് സയൻസ്, എഞ്ചിനീയറിംഗ് ഡ്രോയിംഗ്) പേപ്പർ 3 (ട്രേഡ് പ്രാക്ടിക്കൽ) എന്നീ വിഷയങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ബോക്സുകൾ കാണാവുന്നതാണ്. ഏത് വിഷയമാണ് പരീക്ഷ എഴുതുന്നതെന്ന വിവരം

രേഖപ്പെടുത്തുന്നതിന് ടി വിഷയത്തിന് നേർക്കുള്ള ബോക്സിൽ ചെയ്യുക. ടി സമയം ബോക്സിനുള്ളിൽ "√" അടയാളം തെളിയുന്നതാണ്. ഇപ്രകാരം ഓരോ ട്രെയിനിയുടെയും വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

- രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷയിൽ പങ്കെടുക്കുന്ന ട്രെയിനികളുടെ വിഷയങ്ങൾ രേഖപ്പെടുത്തുന്നതിന് പേപ്പർ 1 (ട്രേഡ് തിയറി), പേപ്പർ 2 (വർക്ക് ഷോപ്പ് കാർക്കുലേഷൻ ആൻറ് സയൻസ്, എംപ്ലോയബിലിറ്റി സ്കിൽ) പേപ്പർ 3 (എഞ്ചിനീയറിംഗ് ഡ്രോയിംഗ്) പേപ്പർ 4 (ട്രേഡ് പ്രാക്ടിക്കൽ) എന്നീ വിഷയങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ബോക്സുകൾ കാണാവുന്നതാണ്. ഏത് വിഷയമാണ് പരീക്ഷ എഴുതുന്നതെന്ന വിവരം രേഖപ്പെടുത്തുന്നതിന് ടി വിഷയത്തിന് നേർക്കുള്ള ബോക്സിൽ ചെയ്യുക. ടി സമയം ബോക്സിനുള്ളിൽ "√" അടയാളം തെളിയുന്നതാണ്. ഇപ്രകാരം ഓരോ ട്രെയിനിയുടെയും വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

- ഇപ്രകാരം ടി പേജിലുള്ളതും അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ വിവരം മുകളിൽ സൂചിപ്പിച്ച രീതിയിൽ രേഖപ്പെടുത്തുക.
- ടി പേജിൽ അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിന് ശേഷം ടി പേജിൻെറ താഴെ ദൃശ്യമാകുന്ന Accept ബട്ടൺ Click ചെയ്യുക. ടി സമയം അപേക്ഷ സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ട്രെയിനികളൂടെ Row റോസ് നിറത്തിലാകുന്നതാണ്.
- ഇപ്രകാരം ദൃശ്യമാകുകയാണെങ്കിൽ ടി ട്രെയിനികളുടെ വിവരങ്ങൾ ഓൺ ലൈനായി രേഖപ്പെടുത്തിയതായി മനസ്സിലാക്കാവുന്നതാണ്.

- പേജിൻെറ അവസാന ഭാഗത്ത് ദൃശ്യമാകുന്ന Print ബട്ടൺ Click ചെയ്യുകയാണെങ്കിൽ രജിസ്റ്റർ ചെയ്ത ട്രെയിനികളുടെ ലിസ്റ്റ് Print എടുക്കാവുന്നതാണ്
- അതിന് ശേഷം Next എന്ന ബട്ടൺ Click ചെയ്താൽ അടുത്ത പേജ് ദൃശ്യമാകുന്നതാണ്.

സൂചനയിലെ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 27/11/2015 നാണ്. 28/11/2015 തീയതി വൈകുന്നേരം 5.00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരം ഓൺ ലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന Print Out ഉം ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളുടെ രണ്ട് പകർപ്പുകളും വിജ്ഞാപന പ്രകാരം അറിയിച്ചിട്ടുള്ള മറ്റ് അനുബന്ധ രേഖകളും നിശ്ചിത ഫോർമാറ്റുകൾ സഹിതം ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. 2016 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടത്തുന്ന വിവിധ സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ ഓൺ ലൈനായി രേഖപ്പെടുത്തുന്നതിന് വേണ്ട ട്രെയിനികളുടെ ലിസ്റ്റ് വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കേണ്ട സാഹചര്യത്തിൽ എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2014 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയതും 2016 ഫെബ്രുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ **28/11/2015 തീയതി വൈകുന്നേരം 5.00 മണി വരെ മാത്രമേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയുള്ളു. ടി തീയതി ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. ആയതിനാൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർ അപേക്ഷകൾ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ നിശ്ചിത തീയതിയ്ക്കുള്ളിൽ തന്നെ ഓൺ ലൈനായി രേഖപ്പെടുത്തേണ്ടതാണ്.**

## പ്രത്യേക അറിയിപ്പ്

DGT യിൽ നിന്നോ MIS Section ൽ നിന്നോ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ട്രെയിനികളുടെ വിവരങ്ങൾ MIS PORTAL ൽ രേഖപ്പെടുത്താൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ

വിവരങ്ങൾ MIS PORTAL ൽ രേഖപ്പെടുത്തിയൽ മാത്രമേ 2016 ജനുവരി / ഫെബ്രുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (സപ്ലിമെൻററി) അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകളിൽ പങ്കെടുക്കുന്നതിന് ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. **അപേക്ഷ സമർപ്പിച്ച ട്രെയിനിയുടെ വിവരങ്ങൾ MIS PORTAL ൽ രേഖപ്പെടുത്താത്ത കാരണത്താൽ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള ഹാൾ ടിക്കറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ഇതിൻെറ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും.**

**കുറിപ്പ് :-**

**2014 ആഗസ്റ്റിൽ അഡ്മിഷനായ ട്രെയിനികളുടെ ലിസ്റ്റാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ടി ലിസ്റ്റിൽ നിന്നും മുൻ വാർഷങ്ങളിലെ പരീക്ഷ എഴുതി പരാജയപ്പെട്ടതും ജനുവരി 2016 ൽ നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകൾ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനിയുടെ വിവരങ്ങളാണ് ഇത്തരത്തിൽ ഓൺ ലൈനായി രേഖപ്പെടുത്തേണ്ടത്.**

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

(1). എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

(2) ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർക്കും

(3) എല്ലാ ആർ.ഐ.സെൻറർ. ട്രെയിനിംഗ് ഓഫീസർമാർക്കും

(4) എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും (ടി നടപടികൾ സമയബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.)